**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ എം ഷാജി ,<br>ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ . സി. മമ്മൂട്ടി** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ കോളനികളുടെ സമഗ്ര വികസനത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | അൻപതോ അൻപതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നോക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമായതുമായ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിരുന്നു. ഇന്റേണൽ റോഡ്/ ഫുട്പാത്ത്, ആശയവിനിമയ സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യങ്ങൾ, വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവ് വിളക്ക്, സാനിറ്റേഷൻ, ഭവനപുനരുദ്ധാരണം, മാലിന്യ നിർമ്മാർജ്ജനം, പൊതുവായ സൗകര്യം മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ, സംരക്ഷണ ഭിത്തി നിർമ്മാണം, ഇറിഗേഷൻ, അടുക്കളത്തോട്ടം, വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും, നാല്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെ ബഹു.എം.എൽ.എയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഒരോ |

| | | | |
|---|---|---|---|
| | | | കോളനിയിലും ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയും പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 2018-19 മുതൽ കുടുംബങ്ങളുടെ എണ്ണം 30 ഓ അതിലധികമോ എന്ന് ഭേദഗതി ചെയ്തു. 2016-17 ൽ 248 ഗ്രാമങ്ങൾ ഏറ്റെടുത്തതിൽ 52 എണ്ണം പൂർത്തിയായി. 2018-19 ൽ പ്രളയപുനരധിവാസത്തിന്റെ ഭാഗമായി 80 കോളനികളിൽ പരിധിയില്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. 2019-20 ൽ 90 കോളനികളെക്കൂടി തെരഞ്ഞെടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് ടി പദ്ധതി മുഖേന നടപ്പിലാക്കിവരുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ളവിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തികവർഷം ടി പദ്ധതിക്കായി 62 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ